**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6796. 13.07.2012-ൽ മറുപടിയ്ക്ക്**

**പാൻമസാല നിരോധനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പാൻമസാല നിരോധിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പാൻമസാല നിരോധിച്ചു കൊണ്ട് ഉത്തരവ് ഇറങ്ങിയതിനു ശേഷമുള്ള റെയ്ഡിൽ സംസ്ഥാനത്തൊട്ടാകെ എത്ര പാൻമസാല പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | നിരോധനത്തിനു ശേഷം സംസ്ഥാനത്തൊട്ടാകെ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഇതിനകം 16 ടണ്ണോളം നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | പാൻമസാല നിരോധന ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>വിശദാംശം വ്യക്തമാക്കുമോ? | (സി) | പാൻമസാല നിരോധന ഉത്തരവ് തീയതി മുതൽ തന്നെ കേരളത്തിലേക്ക് പുതിയതായിട്ട് നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ എത്തുന്നില്ല എന്ന് ഉറപ്പു വരുത്തുവാൻ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക ജാഗ്രത പാലിക്കുവാൻ ഫുഡ് സേഫ്റ്റി / വാണിജ്യ നികുതി/ എക്സൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധന ഉത്തരവിന്റെ ഒരു |

| | | | |
|---|---|---|---|
| | | | സംക്ഷിപ്തരൂപം പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ഇത്തരം ഉല്പന്നങ്ങളുടെ അനധികൃത സംഭരണമോ വില്പനയോ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് അറിയിക്കുവാൻ വേണ്ടി എല്ലാ ജില്ലാ ഓഫീസർമാരുടെയും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെയും മൊബൈൽ നമ്പരുകളും പ്രസിദ്ധീകരിച്ചിരുന്നു. പോലീസ് ആക്ട് ഉപയോഗിച്ചു കൊണ്ട് നിരോധിക്കപ്പെട്ട ഉല്പ്പന്നങ്ങൾ സൂക്ഷിക്കുകയോ വില്പ്പനയോ നടത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പിൽ നിന്നും നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധ്യതയുള്ള കടക്കാരുടെ വിവരം ശേഖരിച്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അതാത് ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്തി നിരോധിക്കപ്പെട്ട പാൻ മസാല, ഗുഡ്ക തുടങ്ങിയ ഉല്പന്നങ്ങളുടെ രഹസ്യ സൂക്ഷിപ്പു കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പാൻമസാലപോലെ |

| | | | |
|---|---|---|---|
| | | | നിരോധിക്കപ്പെട്ട വസ്തുക്കളുടെ ഉപയോഗം മൂലമുള്ള ദോഷവശങ്ങളെക്കുറിച്ച് സ്കൂൾ തലത്തിൽ ബോധവത്ക്കരണം നടത്താൻ പൊതു വിദ്യാഭ്യാസ വകുപ്പു ഡയറക്ടർ ഉത്തരവിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ